# കേരള നിയമസഭ

## 13.07.2012 -ലെ മറുപടിക്ക്

**2010-2011 കാലയളവിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് കേന്ദ്രസഹായത്തോടെ നടപ്പാക്കിയ പ്രവർത്തനങ്ങൾ**

6994 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-2011 കാലയളവിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് കേന്ദ്രസഹായത്തോടെ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രപട്ടികജാതി വർഗ്ഗ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് രൂപീകരിച്ച "പട്ടിക ഗോത്രവർഗ്ഗ കമ്മീഷ"ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി 2012-13 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക**

6995 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പട്ടിക വർഗ്ഗ ക്ഷേമ പദ്ധതികൾക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 207 കോടി രൂപ നിലവിലുള്ള പദ്ധതികളെ കൂടാതെ മറ്റെന്തെല്ലാം പുതിയ പദ്ധതികൾക്കു കൂടി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**13.07.2012 -ലെ മറുപടിക്ക്**

**<u>പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമം</u>**

**6996 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്; അതിൽ എത്ര പേർ ഭൂരഹിതരായിട്ടുണ്ട്; എത്ര പേർ ഭവനരഹിതരായിട്ടുണ്ട്;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ട്;

(സി) പട്ടികവർഗ്ഗ ക്ഷേമത്തിനായി മുൻ സർക്കാർ എത്ര തുക ചെലവഴിച്ചു; കഴിഞ്ഞ ഒരു വർഷം എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ;

(ഡി) ഭൂരഹിത-ഭവനരഹിത എസ്.ടി കുടുംബങ്ങൾക്ക് ടാർജറ്റ് ഓറിയന്റായി ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ ജനവിഭാഗങ്ങൾക്കിടയിൽ അവിവാഹിതരായ അമ്മമാരുടെ നിരക്ക് വർഷാവർഷം വർദ്ധിക്കുന്നുണ്ടോ; ഇതു തടയാനാവശ്യമായ വിദ്യാഭ്യാസ-ബോധവൽക്കരണ പരിപാടികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം</u>

6997 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുകയാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം എത്ര തുകയാണ് ഇവരുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത് ; ഇതിൽ 2012 മാർച്ച് 31 വരെ എത്ര രൂപ ചെലവഴിച്ചു ;

(സി) എന്തെല്ലാം പദ്ധതികളാണ് ഇവർക്കുവേണ്ടി കഴിഞ്ഞ വർഷം നടപ്പിലാക്കിയത് ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും അതിന്റെ ഗുണഭോക്താക്കളുടെ എണ്ണവും (2012 മാർച്ച് 31 വരെയുള്ളത് ) ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>

**6998 ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്ക് ഐ. ടി. ഐ.<br>ആരംഭിക്കുന്നതിന് നടപടി</u>

6999

**ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് എവിടെയെല്ലാമാണ് പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ;**

(ബി) **വയനാട് ജില്ലയിൽ പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള ഐ. ടി. ഐ. ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;**

(സി) **പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ട്രൈബല്‍ റീസെറ്റില്‍മെന്റ് ആന്റ് ഡെവലപ്മെന്റ് മിഷന്റെ ട്രഷറി - ബാങ്ക് അക്കൗണ്ട്</u>**

**7000**

**ശ്രീ എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ട്രൈബല്‍ റീ സെറ്റില്‍മെന്റ് ആന്റ് ഡെവലപ്മെന്റ് മിഷന്റെ സംസ്ഥാന ജില്ലാ ട്രഷറി - ബാങ്ക് അക്കൗണ്ടുകളില്‍ 2012 ജനുവരിവരെ എത്ര തുക ഉണ്ടായിരുന്നു; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) 2012 - മാര്‍ച്ച് മാസത്തില്‍ മാത്രം മിഷന്റെ സംസ്ഥാന ജില്ലാ ട്രഷറി ബാങ്ക് അക്കൗണ്ടുകളില്‍ എത്ര തുക ട്രാന്‍സ്ഫര്‍ ഓഫ് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്; ഏതെല്ലാം ഹെഡ്ഡുകളിലെ തുകയാണ് മിഷന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വിവിധ പദ്ധതികള്‍ക്കായി വിവിധ ഹെഡ്ഡുകളില്‍ അനുവദിച്ച തുക മിഷന്റെ അക്കൗണ്ടിലേയ്ക്ക് ട്രാന്‍സ്ഫര്‍ ഓഫ് ക്രെഡിറ്റ് ചെയ്തതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആദിവാസി - ദളിത് വിഭാഗങ്ങളുടെ ക്ഷേമത്തിനായി ട്രൈബല്‍ ഹൈവേ**

7001 ശ്രീ. ഇ. ചന്ദ്രശേഖരന്‍
,, വി. ശശി.
ശ്രീമതി. ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആദിവാസി - ദളിത് വിഭാഗങ്ങളുടെ ക്ഷേമം മുന്‍നിര്‍ത്തി ഒരു ട്രൈബല്‍ ഹൈവേ നിര്‍മ്മിക്കുന്നതിനുളള നടപടികള്‍ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കില്‍ ഇതിനുളള നടപടികള്‍ ആരംഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) നിര്‍ദ്ദിഷ്ട ട്രൈബല്‍ ഹൈവേയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ അത് വിശദമാക്കുമോ ;

(സി) ഈ ഹൈവേ എത്ര കാലം കൊണ്ട് പൂര്‍ത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>നാമമാത്രമായ ഭൂമി ഉള്ള ആദിവാസ കുടുംബങ്ങൾക്ക്</u>**
**<u>ഭൂമി വിതരണം</u>**

7002 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **നാമമാത്രമായ ഭൂമി ഉള്ള എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട് ;**

(ബി) **ഇവർക്ക് ജീവിത ആവശ്യത്തിന് അത്യന്താപേക്ഷിതമായ ഭൂമി വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടാകുമോ ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആദിവാസികള്‍ക്കുനേരെ വനം പോലീസ് ഉദ്യോഗസ്ഥരുടെ പീഡനം**

**7003 ശ്രീ. എ. കെ. ബാലന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വനം, പോലീസ് ഉദ്യോഗസ്ഥരുടെ മര്‍ദ്ദനം, പീഡനം, മറ്റ് അതിക്രമങ്ങള്‍ എന്നിവ മൂലം എത്ര ആദിവാസികള്‍ 2011 മേയ് മാസത്തിന് ശേഷം മരണമടഞ്ഞിട്ടുണ്ട് ; വിശദമായ ലിസ്റ്റ് ജില്ലാടിസ്ഥാനത്തില്‍ നല്‍കുമോ ;

(ബി) ആദിവാസികളുടെ പേരില്‍ വനം, പോലീസ് അധികൃതര്‍ 2011 മേയ് മാസത്തിന് ശേഷം എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് കേസ്സിന്റെ സ്വഭാവാടിസ്ഥാനത്തില്‍ വിശദമായ വിവരങ്ങള്‍ നല്‍കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### ആദിവാസി ഊരുകളിലെ അവിവാഹിതരായ അമ്മമാർ

7004

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി ഊരുകളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആദിവാസി ഊരുകളിലെ അവിവാഹിതരായ അമ്മമാരെ സംബന്ധിച്ച കണക്ക് വകുപ്പിന്റെ കൈവശം ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(സി) അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ആരോഗ്യസംരക്ഷണത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### കൂനംപള്ള കുറിച്യ കോളനിയുടെ വികസനം

7005 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കിഴക്കുഭാഗത്ത് കൂനംപള്ള കുറിച്യ കോളനിയിൽ വിദ്യാലയങ്ങൾ, പി.എച്ച്.സി. എന്നിവ ഒന്നുംതന്നെയില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഏകാദ്ധ്യാപക വിദ്യാലയമോ എൽ.പി. സ്കൂളോ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഇവിടെ പി.എച്ച്.സി./പി.എച്ച്. സബ്സെന്റർ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ട്രൈബൽ കോളനികളുടെ സമഗ്ര വികസനം**

7006 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

റാന്നി താലൂക്കിലെ അട്ടത്തോട്, ചാലക്കയം ട്രൈബൽ കോളനികളുടെ സമഗ്ര വികസനത്തിനുതകും വിധം തയ്യാറാക്കിയ വിവിധ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും ഓരോ പദ്ധതിയുടെയും വിശദാംശം സഹിതം വ്യക്തമാക്കുമോ; ഈ പദ്ധതികൾ എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിടപ്പാടം**

**7007** ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് നാളിതുവരെ വീട് ലഭ്യമാക്കിയിട്ടുളള തെന്നും ഇനിയും എത്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കാ നുണ്ടെന്നും മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) വീട് ഇല്ലാത്തവർക്ക് വീട് ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### ചെറുപുഴയിൽ പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മിക്കാൻ നടപടി

7008 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**പട്ടികവർഗ്ഗത്തിൽപെട്ട കുടുംബങ്ങൾ കൂടുതലുള്ള ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ പാവപ്പെട്ട കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിന് ഒരു പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**യുവജനക്ഷേമ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തനവും**

7009 ശ്രീ. പി.സി. വിഷ്ണുനാഥ്
'' എ.പി. അബ്ദുള്ളക്കുട്ടി
'' വി.റ്റി. ബൽറാം
:: ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തനരീതിയും എന്തൊക്കെയാണ് വിശദമാക്കുമോ;

(ബി) യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**യുവജനക്ഷേമ ബോർഡ് പ്രവർത്തിക്കുന്ന ഫണ്ട്**

7010 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്രവർത്തിക്കുന്നതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(ബി) സർക്കാരിൽ നിന്നും എന്തു തുകയാണ് ഗ്രാന്റ് - ഇൻ - എയ്ഡായി അനുവദിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി വിഹിതമായും പദ്ധതിയേതര ഗ്രാന്റായും എന്തു തുക ബോർഡിന് അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**യുവജനക്ഷേമബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

7011 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' ഹൈബി ഈഡൻ
'' വി. പി. സജീന്ദ്രൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമബോർഡിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും യുവജന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവയുടെ ഉദ്ദേശ്യങ്ങളും ചുമതലകളും എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ഡി) ബോർഡിന്റെ കീഴിൽ സാഹസിക അക്കാഡമികൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>യുവജനങ്ങള്‍ക്ക് ഇന്‍ഫര്‍മേഷന്‍ സെന്ററും യൂത്ത് ഭവനും</u>**

**7012** **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും യുവജനങ്ങള്‍ക്ക് അറിവു പകരുന്ന ഇന്‍ഫര്‍മേഷന്‍ സെന്ററും, വിവിധ പ്രദേശത്തുനിന്നു വരുന്നവര്‍ക്കുള്ള താമസസൗകര്യത്തോടുകൂടിയ "യൂത്ത് ഭവനും" ജില്ലകള്‍ തോറും നിര്‍മ്മിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഏതെല്ലാം ജില്ലകളിലെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി കേന്ദ്രസഹായം അഭ്യര്‍ത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### മിനിമൃഗശാലകൾ

7013 ശ്രീ. ഷാഫി പറമ്പിൽ
'' കെ. അച്ചുതൻ
'' എ. റ്റി. ജോർജ്
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമൃഗശാലകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്തെ മൃഗശാലകൾ**

7014

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മൃഗശാലകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മൃഗങ്ങളാണ് വിവിധ രോഗങ്ങളാൽ മൃഗശാലകളിൽ മരണപ്പെട്ടത്; ഏതൊക്കെ മൃഗങ്ങളാണെന്ന് വ്യക്തമാക്കുമോ;

(സി) മൃഗശാലകളുടെ വിപുലീകരണത്തിന് ഉദ്ദേശിക്കുന്നുവോ; ഇതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ജനിതക രോഗം ബാധിച്ച മൃഗങ്ങളെ ദയാവധത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചന അധികൃതർ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണത തള്ളിക്കളയുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് കർശന നിർദ്ദേശം നൽകുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>മൃഗശാലയിലുള്ള മൃഗങ്ങളുടെ ആരോഗ്യസംരക്ഷണം</u>**

**7015 ശ്രീ. റ്റി. എൻ. പ്രതാപൻ**
**,, പാലോട് രവി**
**പി. സി. വിഷ്ണുനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലയിലുള്ള മൃഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി മൃഗശാലകളിൽ ആവശ്യമുള്ള ഡോക്ടർമാരേയും മറ്റു സംവിധാനങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) മൃഗങ്ങളുടെ ഇടയിൽ പടരാനിടയുള്ള രോഗങ്ങൾ തടയുവാൻ ശുചീകരണ പ്രവർത്തനങ്ങളും പ്രതിരോധ വാക്സിനുകളും നടത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം?